# ദൈവവചന പഠനം

## ഭാഗം I

### അദ്ധ്യായം 1

# സത്യവേദപുസ്തകം:

# ദൈവവചനം

HIS
Last Command,
Our First Concern

Good Shepherd International AG, Abu Dhabi

## A. സത്യവേദപുസ്തകം: ദൈവവചനം

വേദപുസ്തകം ഈ ലോകത്തിൽ ഏറ്റവും കൂടുതൽ വിറ്റഴിയുന്ന പുസ്തകം ആണെന്ന് പറയാം. ഇന്ന് വേദപുസ്തകം ലോകത്തിൽ ഏറ്റവും കൂടുതൽ ഭാഷകളിലേക്ക് തർജ്ജിമ ചെയ്തു കഴിഞ്ഞിരിക്കുന്നു. അരാമിക്, എബ്രായ, ഗ്രീക്ക് ഭാഷകളിലാണ് വേദപുസ്തകം ആദ്യം ലിഖിതമായത്. ഇപ്പോൾ നമ്മുടെ കൈവശമുള്ള പതിപ്പ് അനേകരുടെ പ്രയത്നഫലമാണ്. ഈ വലിയ പുസ്തകത്തിൽ – ദൈവത്തിൻെറ വാക്കുകൾ, ചിന്തകൾ, പദ്ധതികൾ ഇവ നമ്മുക്ക് അറിവാൻ സാധിക്കുന്നു. വേദപുസ്തകം ലോകത്തിലെ ഏറ്റവും വലിയ പുസ്തകങ്ങളിൽ ഒന്നാണെന്ന് പറയാം. എങ്കിലും, അത് ഒരു തരത്തിൽ ഇന്നത്തെ ആധുനികപുസ്തകം ആണെന്നും പറയാം. അത് എന്തുകൊണ്ടെന്നാൽ, ഒരു മനുഷ്യൻ ജീവിതത്തിൽ അന്വേഷിച്ചുകൊണ്ടിരിക്കുന്ന എല്ലാ ചോദ്യങ്ങൾക്കും ഉത്തരം അവൻ അതിൽ കണ്ടെത്തുന്നു.

ഞാൻ എവിടെ നിന്ന് വന്നു?

ഞാൻ എന്തിനു വേണ്ടി ഇവിടെ ആയിരിക്കുന്നു?

ഞാൻ എങ്ങോട്ടു പോകുന്നു?

ദൈവത്തിൽ നിന്നും അകന്നു പോയി, അവനവൻെറ ലോകത്തിൽ മുഴുകി ജീവിക്കുന്ന മനുഷ്യനെ രക്ഷിപ്പാൻ തേടിയെത്തിയ ദൈവത്തിൻെറ സ്നേഹപദ്ധതിയെപ്പറ്റി മുഖ്യമായി വേദപുസ്തകം അവതരിപ്പിക്കുന്നു. ആമുഖമായി വേദപുസ്തകത്തെപ്പറ്റി സംഗ്രഹമായ അറിവിന് ചില ചോദ്യങ്ങൾക്ക് ഉത്തരം പറയാം.

1. വേദപുസ്തകം ആകെ എത്ര പുസ്തകങ്ങൾ ഉണ്ട്?
2. വേദപുസ്തകം വിഭാകിച്ചിരിക്കുന്ന 2 ഭാഗങ്ങൾ ഏതൊക്കെ?

   (1)____________________ (2)____________________

3. പഴയനിയമ പുസ്തകങ്ങൾ എത്ര? പുതിയനിയമം എത്ര?
4. വേദപുസ്തകത്തിലെ ഏറ്റവും വലിയ അദ്ധ്യായം?
5. വേദപുസ്തകത്തിലെ ഏറ്റവും ചെറിയ അദ്ധ്യായം?
6. വേദപുസ്തകത്തിലെ ഏറ്റവും ചെറിയ വാക്യം?

   ________________________________________

7. വേദപുസ്തകത്തിലെ കാതലായ വാക്യം?

   ________________________________________

9. പഴയ–പുതിയ നിയമപുസ്തകങ്ങളിൽ ഒരു അദ്ധ്യായം മാത്രമുള്ള പുസ്തകങ്ങൾ?

10. വേദപുസ്തകത്തിന്റെ രചയിതാവ്?

പരിശുദ്ധാത്മാവിനാൽ 40 പേരോളം എഴുത്തുകാർ 1,500ഓളം വർഷങ്ങൾ കൊണ്ട് എഴുതിയതാണ് വേദപുസ്തകം. യേശുക്രിസ്തുവിന്റെ ജനനത്തിനു മുൻപ് ദൈവം തന്റെ ജനത്തിന് ചെയ്ത പ്രവർത്തനത്തെക്കുറിച്ച് പഴയനിയമം ഉദ്ധരിക്കുന്നു. എന്നാൽ പുതിയനിയമത്തിൽ യേശുവിന്റെ ജീവിതം, സേവനം, തന്റെ ആരോഹണശേഷം തന്റെ ശിഷ്യന്മാരിൽ കൂടി തുടർന്ന പ്രവർത്തനം, യേശുവിൽ നിന്നും കണ്ടതും കേട്ടതും പരിശുദ്ധാത്മാവിനാൽ പ്രചോദിതമായ അപ്പോസ്തോലന്മാരുടെ ഉപദേശവും പുതിയ നിയമത്തിൽ വിവരിയ്ക്കുന്നു. ഈ പുസ്തകങ്ങൾ യേശുവിന്റെ പുനരുദ്ധാനത്തിനു ശേഷം 50 വർഷത്തിനുള്ളിൽ എഴുതപ്പെട്ടു.

2 തിമ 3:16 ഉദ്ധരിക്കുക.

## B. ബൈബിൾ എങ്ങനെ പഠിക്കാം?

ഈ ലോക ജീവിതത്തിൽ നിങ്ങൾക്ക് ഏറ്റവും വിലപ്പെട്ട ബന്ധം ദൈവത്തോടുള്ളതാണ്. വേദപുസ്തകം വായിക്കുകയും പഠിക്കുകയും ചെയ്യുമ്പോൾ 'ദൈവം ആരാണെന്ന്' നിങ്ങൾക്ക് മനസ്സിലാക്കാൻ സാധിക്കും. നിങ്ങളെക്കുറിച്ചുള്ള ദൈവത്തിന്റെ പദ്ധതികൾ, വിചാരങ്ങൾ, വഗ്ദത്തങ്ങൾ എന്നിവ എന്തെന്ന് അറിയാൻ സാധിക്കും. വേദപുസ്തകം ഉപയോഗിക്കുന്നതിനുള്ള പരിചയം ലഭിയ്ക്കേണ്ടതിന് ആദ്യമായി നിങ്ങളുടെ വേദപുസ്തകത്തിന്റെ ആദ്യ പേജുകളിൽ "പുസ്തകങ്ങളുടെ ക്രമം" എന്നത് നോക്കണം. അതിൽ നിങ്ങൾ നോക്കുന്ന പുസ്തകത്തിന്റെ പേരും, പേജ് നമ്പറും ലഭിക്കും. നിങ്ങൾക്ക് വേണ്ട ഭാഗം വേഗത്തിൽ കണ്ടെത്താൻ, വേദപുസ്തക പരിഭാഷകർ ഈ രീതിയിൽ ക്രമീകരിച്ചിരിക്കുന്നു.

– പുസ്തകം – പുസ്തകങ്ങളിലെ അദ്ധ്യായം – അദ്ധ്യായങ്ങളിലെ വാക്യങ്ങൾ

ഉദാഹരണമായി ഉൽപത്തി 3:15 എന്നു പറഞ്ഞാൽ: ഉൽപത്തി പുസ്തകത്തിൽ മൂന്നാമത്തെ അദ്ധ്യായത്തിലെ പതിനഞ്ചാം വാക്യം എന്നാണ് അർത്ഥമാക്കുന്നത്.

ഇനി നമ്മുക്ക് വേദപുസ്തകം പഠിക്കാൻ തുടങ്ങാം. അത് ഒരു നല്ല തുടക്കമായിത്തീരും, എന്തുകൊണ്ടെന്നാൽ ഇനി മുതൽ ദൈവം നമ്മോട് സംസാരിയ്ക്കുന്നതിനും, നമ്മുടെ ജീവിതം അതിനനുസരിച്ച് ക്രമീകരിക്കുന്നതിനും സാധിക്കും.

## C. വേദപുസ്തകത്തിൽ ലോകത്തിൽ വച്ചേറ്റം വിലയേറിയ വാഗ്ദത്തം

വേദപുസ്തകത്തിൽ ലോകത്തിനുള്ള ഏറ്റവും വിലയേറിയ വാഗ്ദത്തം നിക്ഷിപ്തമായിരിക്കുന്നു. “തൻെറ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചു പോകാതെ, നിത്യ ജീവൻ പ്രാപിയ്ക്കേണ്ടതിന്, ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു.” (യോഹ. 3:16). നിങ്ങളിൽ ചിലർക്കെങ്കിലും ഈ വാക്യം പരിചയമുണ്ടായിരിക്കാം. എങ്കിലും ഒരു നിമിഷം ദൈവത്തിൻെറ ഈ വലിയ സ്നേഹത്തെ ഓർത്ത് നമ്മുക്ക് ദൈവത്തെ സ്തുതിക്കാം. തൻെറ പുത്രനെ അയച്ച് നമ്മെ രക്ഷിപ്പാനും, നമ്മുക്ക് നിത്യജീവൻ ദാനമായി നൽകുവാനും കാണിച്ച ആ മഹാസ്നേഹത്തെ ഓർത്ത് ദൈവത്തിന് സ്തോത്രം കരേറ്റാം. ഒരു നിമിഷം ചിന്തിക്കുക – ഒരുവൻ യേശുക്രിസ്തുവിനെ വിശ്വസിക്കുകയും കൈകൊടുക്കയും ചെയ്യുമ്പോൾ അനശ്വരമായ ഒരു ജീവിതമാണ് അവന് ലഭിക്കുന്നത്.

## D. ദൈവ വചനത്തിൻെറ ഉദ്ദേശ്യം

2തിമൊ 3:15,16–ൽ അടങ്ങിയിരിക്കുന്ന ദൈവവചനത്തിൻെറ ഉദ്ദേശങ്ങൾ താഴെ ചേർത്തെഴുതുക.

1. ____________________________

2. ____________________________

3. ____________________________

4. ____________________________

2പത്രോസ്1:3,4 പറയുന്നു: “തൻെറ മഹത്വത്താലും വീര്യത്താലും നമ്മെ വിളിച്ചവൻെറ

പരിജ്ഞാനത്താൽ അവൻെറ ദിവ്യശക്തി ____________________________

____________________________________________

അവയാൽ അവൻ നമുക്ക് ____________________________

_____________________________________ നൽകിയിരിയ്ക്കുന്നു. ഇവയാൽ നിങ്ങൾ

_______________________________________________________________________

__________________________________________________________ ഇടവരുന്നു.”

## E. ദൈവവചനം ജീവൻ നൽകുന്നു.

യോഹ 6:63–ൽ യേശു പറഞ്ഞു “ഞാൻ നിങ്ങളോട് സംസാരിച്ച വചനങ്ങൾ ആത്മാവും ജീവനും ആകുന്നു.”

☛ ദൈവവചനം സൃഷ്ടി നടത്തുന്നു.

സങ്കീ 33:6–9 “_____________________________________ആകാശവും അവൻെറ

വായിലെ ശ്വാസത്താൽ അതിലെ സകല സൈന്യവും _________________________

അവൻ _________________________; അങ്ങനെ സംഭവിച്ചു

അവൻ _________________________; അങ്ങനെ സ്ഥാപിതമായി.

എബ്രാ 11:3 ”...ലോകം ദൈവത്തിൻെറ ___________________________________________

നിർമ്മിക്കപ്പെട്ടു എന്ന് നാം വിശ്വാസത്താൽ അറിയുന്നു.“

## F. ദൈവവചനം വെള്ളത്തിന് തുല്യം.

☛ വചനം ശുദ്ധി വരുത്തുന്നു

ആഴമേറിയ ഒരു ശുദ്ധീകരണ പ്രക്രിയയിലൂടെ നാം ദൈവരാജ്യത്തിലെ ജീവിതം ആരംഭിയ്ക്കുന്നു. ദൈവ വചനത്താൽ ‘ശുദ്ധീകരിയ്ക്കപ്പെടുന്നു.’ യോഹ 15:3, എഫേസ്യ 5:25–27 വായിയ്ക്കുക. എഫേസ്യ 5:26–ൽ ”അവൻ അവളെ വെടിപ്പാക്കി വിശുദ്ധീകരിയ്ക്കേണ്ടതിനും....

☛ വചനം നമ്മെ വിശുദ്ധിയിൽ സൂക്ഷിക്കുന്നു

നമ്മുടെ ഹൃദയത്തിൽ നിക്ഷേപിയ്ക്കപെട്ടിരിയ്ക്കുന്ന ദൈവവചനത്താൽ; നമ്മെ പാപത്തിൻെറ ചെളി പുരളാതെ നമ്മെ സംരക്ഷിക്കുന്നു. പാപം ചെയ്യാതിരിപ്പാൻ നമ്മെ സഹായിയ്ക്കുന്നു. [സങ്കീ 119:9–11 വായിയ്ക്കുക.] ദൈവവചന പ്രകാരം നമ്മുടെ വഴികളെ സൂക്ഷിയ്ക്കുന്നതിനാലാണ് നമ്മുടെ വിജയം.

## G. ദൈവവചനം നമ്മുടെ ജീവിതത്തിനു പ്രകാശമാണ്

2 പത്രോ 1:19 "പ്രവാചക വാക്യവും അധികം സ്ഥിരമായിട്ട് നമ്മുക്കുണ്ട്. നേരം വെളുക്കുകയും നിങ്ങളുടെ ഹൃദയത്തിൽ ഉദയനക്ഷത്രം ഉദിയ്ക്കുകയും ചെയ്യുവോളം ഇരുണ്ട സ്ഥലത്ത് പ്രകാശിക്കുന്ന വിളക്കു പോലെ അതിനെ കരുതിക്കൊണ്ടാൽ നന്ന്."

- ദൈവവചനം ഈ ഇരുണ്ട ലോകത്തിന് വെളിച്ചം നൽകുന്നു. സങ്കീ 119:105,130

"യഹോവയുടെ കൽപന ________________________________

അത് കണ്ണുകളെ ________________________________"

"നിൻെറ വചനം എൻെറ കാലിന് ______________ എൻെറ പാതയ്ക്ക് __________

ആകുന്നു. നിൻെറ വചനങ്ങളുടെ ______________ വികാശനം ആകുന്നു. അത്

അത് അൽപബുദ്ധികളെ ______________"

## H. ദൈവവചനം ആത്മീയ ഭോജനമാകുന്നു.

യേശു പറഞ്ഞു, "മനുഷ്യൻ അപ്പം കൊണ്ട് മാത്രമല്ല, ദൈവത്തിൻെറ വായിൽ കൂടി വരുന്ന സകല വചനം കൊണ്ടും ജീവിയ്ക്കുന്നു...."

- അത് ആത്മീയ വർദ്ധന വരുത്തുന്നു.

1 പത്രോ 2:2 ഇപ്രകാരം പറയുന്നു, "ഇപ്പോൾ ജനിച്ച ശിശുക്കളെപ്പോലെ __________

________________________________ വാഞ്ഛിപ്പിൻ."

എഫേസ്യ 4:12,13 വരേയുള്ള വാക്യങ്ങളിൽ നമ്മെപ്പറ്റിയുള്ള ദൈവോദ്ദേശ്യം എന്തെന്ന് പറഞ്ഞിരിക്കുന്നു.

"നാം എല്ലാവരും വിശ്വാസത്തിലും ________________________________

________________________________ ഐക്യതയും തികഞ്ഞ പുരുഷത്വവും

______________________________________________

പ്രാപിയ്ക്കുവോളം.

## I. ദൈവവചനം വിത്തിനു തുല്യം

ലൂക്ക8:11–15 യേശു വിത്തുവിതയ്ക്കുന്നതിൻെറ ഉപമ പറഞ്ഞിരിക്കുന്നു. ഇവിടെ യേശു വിത്തിനെ ______________________ ഉപമിയ്ക്കുന്നു.

നമ്മുടെ ജീവിതം ഫലം കായ്ക്കുന്നതായിത്തീരാൻ ദൈവം ആഗ്രഹിയ്ക്കുന്നു.

സങ്കീ1:3 "ആവൻ ആറ്ററികത്ത് നട്ടിരിയ്ക്കുന്നതും ______________________

______________________ ഇല വാടാത്തതുമായ വൃക്ഷം പോലെയിരിയ്ക്കും."

ദൈവവചനം എന്ന വിത്ത് നല്ല നിലമാകുന്ന നമ്മുടെ ഹദയത്തിൽ പാകുമ്പോൾ, ഒരു നല്ല വിളവ് ലഭിയ്ക്കുന്നു.

2കൊരി9:10 "അതെ, ഉഴുന്നവൻ ആശയോടെ ഉഴുകയും, മതിയ്ക്കുന്നവൻ പതം കിട്ടുമെന്നുള്ള ആശയോടെ......... ''

## J. ദൈവവചനം വാളിനു തുല്യം

എഫേസ്യ 6:17 ''ദൈവവചനം എന്ന ആത്മാവിൻെറ വാളും കൈക്കൊൾവീൻ''

എബ്രായർ4:12–ൽ ''ദൈവവചനം ഇരുവായ്ത്തലയുള്ള ഏത് __________ മൂർച്ചയേറിയതും

__________തുളച്ചുചെല്ലുന്നതും ______________________വിവേചിയ്ക്കുന്നതും ആകുന്നു. ''

ഒരു കാര്യം ശ്രദ്ധിയ്ക്കുക; മരുഭൂമിയിൽ സാത്താനാലുണ്ടായ പരീക്ഷയിൽ യേശു ഈ വാൾ പിശാചിനെതിരെ ഉപയോഗിച്ചു. (ലൂക്കോ 4:1–14)

## K. ദൈവവചനം നമ്മെ പ്രാർത്ഥിപ്പാൻ സഹായിയ്ക്കുന്നു.

യോഹ15:7–ൽ പറയുന്നു, ''നിങ്ങൾ എന്നിലും എൻെറ ______________________

______________________, നിങ്ങൾ ഇച്ഛരിക്കുന്നത് എന്തെങ്കിലും അപേക്ഷിക്കുവിൻ; അത് നിങ്ങൾക്കു കിട്ടും.''

ദൈവവചനം നമ്മുടെ ഹൃദയത്തിൽ ആക്കിയാൽ, ദൈവയിഷ്ടം അനുസരിച്ച് ചോദിപ്പാൻ (പ്രാർത്ഥിപ്പാൻ) നമ്മുക്ക് കഴിയും. "എന്തെങ്കിലും അപേക്ഷിക്കുവിൻ" എന്നു വച്ചാൽ, നാം ദൈവമക്കൾ എന്ന അവകാശത്തോടെ, ഉറപ്പോടെ ചോദിയ്ക്കുക.

## L. ദൈവവചനം നമ്മിൽ ശക്തിയാകുന്നു

ദൈവവചനം നമ്മെ ഉറപ്പിയ്ക്കുന്നു. അത് നമ്മുക്ക് ശ്ക്തിയായ അടിസ്ഥാനം തരുന്നു. മത്താ 7:24,25 വായിയ്ക്കുക. യേശു പറഞ്ഞു, "തന്റെ വചനങ്ങളെ ____________ ________________________ പാറമേൽ പണിത ബുദ്ധിയുള്ള മനുഷ്യനോട് തുല്യം."

ദൈവവചനം നമ്മുടെ ജീവിതത്തെ ഉറപ്പുള്ളതാക്കുന്നു. ഏതു ശ്ക്തിയായ എതിർപ്പുകൾ വന്നാലും നമ്മുടെ ജീവിതത്തെ ഉറപ്പോടെ നിർത്തുന്നു.

1. ദൈവവചനം നിങ്ങളുടെ ജീവിതത്തിൽ എത്രമാത്രം നിങ്ങളെ പ്രചോദിപ്പിയ്ക്കുകയും വഴിനടത്തുകയും ചെയ്യുമെന്ന് ഇതിനോടകം നിങ്ങൾ മനസ്സിലാക്കിയല്ലോ. അത്കൊണ്ട് വചനം പഠിപ്പാനും ധ്യാനിപ്പാനും നിങ്ങൾ സമയം കണ്ടെത്തണം.
2. ഒരു ചെറിയ ഡയറിയോ, നോട്ടു പുസ്തകമോ സൂക്ഷിയ്ക്കുക. അതിൽ കണ്ടെത്തുന്ന ദൈവവചന സത്യങ്ങൾ, ദൈവം നിങ്ങളോട് സംസാരിയ്ക്കുന്ന കാര്യങ്ങൾ എഴുതുക.
3. ദൈവവചനം കുറെശ്ശെ മന:പാഠം ആക്കുക. അതിനാൽ നിങ്ങാൾ ജീവിയ്ക്കുവാൻ പഠിയ്ക്കുക.